Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ നൽകാമോ?

(എ&ബി) 2016-2021 കാലയളവിൽ സംസ്ഥാനത്ത് പുതുതായി 68,256 സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ആയതിലൂടെ 6365.06 കോടി രൂപയുടെ നിക്ഷേപവും 2,42,128 തൊഴിലവസരങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സിഡ്കോയിൽ 2016-2017 കാലയളവിൽ 17 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. സിഡ്കോയുടെ പാലക്കാട് ജില്ലയിലെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ 15 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വനിതാ വ്യവസായ സംരംഭം ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ വർക്കല മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നതിനും ഒഴിവുള്ള ഷെഡ്ഡ്/ഭൂമി അനുവദിച്ച് നൽകുകയുണ്ടായി. ആയതിലൂടെ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ നിക്ഷേപവും 205 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2016-2021 കാലയളവിൽ കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ 19 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും ഇൻഡസ്ട്രിയൽ പാർക്കുകളിലുമായി 70 യൂണിറ്റുകൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. 2016-2021 വരെയുള്ള കാലയളവിൽ 554 സംരംഭകർക്കാണ് കിൻഫ്ര പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തിട്ടുള്ളത്.

പ്രവാസികളുടെ പുനരധിവാസത്തിനായി വ്യവസായ സംരംഭങ്ങൾ

120(389) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായതും താരതമ്യേന വ്യവസായ സംരംഭങ്ങൾ കുറവുള്ളതുമായ നിയോജകമണ്ഡലങ്ങളെ ഇതിനായി പരിഗണിക്കുമോ?

(എ&ബി) കോവിഡുമൂലം മടങ്ങിവരുന്ന പ്രവാസികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിലും ഇവർക്ക് അവരുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വൈദഗ്ധ്യത്തിനനുസരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനോ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളിൽ ജോലി ചെയ്യുന്നതിനോ അല്ലെങ്കിൽ മറ്റുതരത്തിൽ ഈ വ്യവസായങ്ങളുടെ ഭാഗമാകാനോ താത്പര്യമുള്ളവർക്ക് രജിസ്ട്രേഷൻ നടത്തുന്നതിലേക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റായ www.industry.kerala.gov.in-ൽ ഒരു ഓൺലൈൻ പ്രവാസി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ 2805 പ്രവാസികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് ആവശ്യമായ സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന പ്രവാസികളെ പ്രത്യേക വിഭാഗത്തിലേക്ക് മാറ്റുകയും നിക്ഷേപ സബ്സിഡി ജനറൽ വിഭാഗത്തിനുള്ള 15% -ന് പുറമേ 10% അധിക സബ്സിഡി പരമാവധി 30 ലക്ഷം രൂപ വരെ പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചുവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക്, അവർക്ക് താത്പര്യമുള്ള സ്ഥലങ്ങളിൽ സംരംഭം ആരംഭിക്കാവുന്നതാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പരിഗണന നിലവിലില്ല.

നിക്ഷേപ സൗഹൃദ പദ്ധതി

121(390) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ വ്യവസായ വകുപ്പ് നിക്ഷേപ സൗഹൃദ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനുമുതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. 2018-ലെ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) വഴി കേരള സംസ്ഥാന വ്യവസായ